**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6609** **21-03-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ ഭാഗമായി എത്ര കിലോമീറ്റർ റോഡാണ് നാളിതുവരെയായി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 15 കിലോമീറ്ററും മുഹ്യുദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.5 കിലോമീറ്ററുമാണ് നിലവിൽ നിർമ്മാണം പുരോഗമിക്കുന്നത്. ഇതിൽ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 47% വും മുഹ്യുദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 65% പ്രവൃത്തികളുമാണ് പൂർത്തീകരിച്ചത്. |
| (ബി) | കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലയിൽ എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പാലം മുതൽ പന്നിക്കുന്ന് വരെയുള്ള 58 കി.മി. ഭാഗമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ വലിയപറമ്പ പാലത്തിന്റെ 59.92 കോടി രൂപയുടെ ഡി.പി.ആർ 03.12.2022-ൽ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് 28.01.2023-ൽ സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ട്. കിഫ്ബി അപ്രൈസൽ നടപടികൾ പൂർത്തിയാക്കി. സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വലിയപറമ്പ പാലത്തിന് ശേഷം പന്നിക്കുന്ന് വരെയുള്ള ബാക്കി ഭാഗത്തിന്റെ എൽഎ പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കുന്നത് IDECK എന്ന കൺസൾട്ടൻസി സ്ഥാപനമാണ്. പ്രസ്തുത ഏജൻസി തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ പ്ലാൻ കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് കിഫ്ബിയുടെ 21-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വച്ച് അനുമതി നേടുകയും ചെയ്തു. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യു വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും, 6(1) നോട്ടിഫിക്കേഷൻ 19/07/2022 ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത |

| | | | |
|---|---|---|---|
| | | | ഭാഗത്തെ കല്ലിടൽ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

G1/155/2023/PWD

പൊതുമരാമത്ത്(ജി) വകുപ്പ്

പതിനഞ്ചാം കേരള നിയമസഭ എട്ടാം സമ്മേളനം ബഹു.പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പ് മന്ത്രി 21.03.2023-ൽ മറുപടി നൽകേണ്ടിയിരുന്ന ശ്രീ.എം.രാജഗോപാൽ എംഎൽഎ നക്ഷത്രചിഹ്നമിടാത്ത ചോദ്യം.നം.6609 ന്റെ പൂർണ്ണമായ മറുപടി നിയമസഭയ്ക്ക് യഥാസമയം സമർപ്പിക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള പ്രസ്താവന.

പതിനഞ്ചാം കേരള നിയമസഭ എട്ടാം സമ്മേളനം ബഹു.പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പ് മന്ത്രി ശ്രീ.പി.എ.മുഹമ്മദ്റിയാസ് മറുപടി നൽകേണ്ടിയിരുന്ന 6609 നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടി സമയപരിധിക്കുള്ളിൽ ലഭ്യമാക്കാൻ കഴിഞ്ഞില്ല. ആയതിന്റെ മറുപടി ഇതിനോടൊപ്പം നൽകുന്നു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം.നം.6609 ന്റെ മറുപടി ബഹു.പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പ് മന്ത്രി യഥാസമയം അംഗീകരിച്ച് നൽകിയിരുന്നു. എന്നാൽ 6609, 6619 എന്നീ ചോദ്യങ്ങളുടെ ടൈറ്റിൽ സമാനമായിരുന്നതിനാൽ നോട്ടപിശക് കാരണം 6609 അപ്‌ലോഡ് ചെയ്യുവാൻ വിട്ടുപോയിട്ടുള്ളതാണ്. മനഃപൂർവ്വമല്ലാതെയുണ്ടായ കാലതാമസം മാത്രമാണ് ഇതിലുണ്ടായത്. ഇത്തരത്തിലുണ്ടാകുന്ന കാലതാമസം ഭാവിയിൽ ഉണ്ടാകാതെശ്രദ്ധിക്കുന്നതാണ്.

P.A. MOHAMED RIYAS
MINISTER FOR PUBLIC WORKS AND TOURISM
GOVT. OF KERALA